## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6885 — 10.07.2014 ന് മറുപടിയ്ക്ക്.

### ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത് ; | (എ) ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ. യിൽ എൻ.സി.വി.റ്റി., എസ്.സി.വി.റ്റി, സി.ഒ.ഇ വിഭാഗങ്ങളിലായി നിലവിലുള്ള ട്രേഡുകൾ കാർപെന്റർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ), ഇലക്ട്രോണിക്സ് മെക്കാനിക്ക്, ഇലക്ട്രീഷ്യൻ, ഇലക്ട്രോപ്ലേറ്റർ, ഫിറ്റർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, മെക്കാനിക്ക് മെഷീൻ ടൂൾ മെയിന്റനൻസ്, മെക്കാനിക്ക് റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ, പ്ലംബർ, ഷീറ്റ് മെറ്റൽ വർക്കർ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), സർവ്വേയർ, ടർണർ, വെൽഡർ, വയർമാൻ, മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഫാബ്രിക്കേഷൻ ഫിറ്റിംഗ് & വെൽഡിംഗ് (ബേസിക് അഡ്വാൻസ്ഡ് മോഡ്യൂൾസ്) എന്നിവയാണ്. |
| (ബി) പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) ആറ്റിങ്ങൽ ഐ.ടി.ഐ. യിൽ, ജോലി സാധ്യത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), എം.ആർ.ടി.വി എന്നീ ട്രേഡുകളുടെ രണ്ട് യൂണിറ്റുകൾ വീതം നിർത്തലാക്കി പകരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സർവ്വേയർ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റും മെക്കാനിക്ക് ഡീസലിന്റെ രണ്ട് യൂണിറ്റും ആരംഭിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |
| (സി) പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) ആറ്റിങ്ങൽ ഐ.ടി.ഐ. യിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് രണ്ടാം നില പണിയുന്നതിന് 210 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യു.ഡി. - ൽ നിന്നും ലഭ്യമാക്കി പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച് മേൽപ്പറഞ്ഞ വർക്ക് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ